പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5130 02.07.2013 ൽ മറുപടിക്ക്

# പെരുന്തേനരുവി വൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) പെരുന്തേനരുവി വൈദ്യുത പദ്ധതിയുടെ ടെണ്ടർ നടപടികൾ എപ്പോഴാണ് നടന്നിരുന്നത്; | (എ) പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിയുടെ സിവിൽ ജോലികളുടെ ടെണ്ടർ 23.11.2009 ൽ ആരംഭിക്കുകയും 11.11.2010 ൽ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ഇലക്ട്രോ മെക്കാനിക്കൽ ജോലികളുടെ ടെണ്ടർ നടപടികൾ 04.06.2010 ൽ ആരംഭിക്കുകയും 09.08.2011 ൽ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പദ്ധതിയുടെ സിവിൽ ജോലികളുടെ 6% വും ഇലക്ട്രോ മെക്കാനിക്കൽ ജോലികളുടെ 38% വും ഉൾപ്പെടെ ആകെ പദ്ധതി ജോലിയുടെ 15%വും പൂർത്തീകരിച്ചിട്ടുണ്ട്. |

(സി) പദ്ധതി നടത്തിപ്പിലെ അപാകതകൾ(സി) പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രോജക്ട് മോണിറ്ററിംഗ് കമ്മറ്റിയുടേയും ഉന്നത ഉദ്യോഗസ്ഥരുടെയും മേൽനോട്ടം വഴി പുരോഗതി കൃത്യമായി വിലയിരുത്തി കാലതാമസം പരിഹരിച്ച് പ്രോജക്ട് പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**